# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ബെള്ളൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ /കെ.എസ്.ഡി-7/677/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 17/10/2023
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ബെള്ളൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ബെള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ബെള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ /കെ.എസ്.ഡി-7/677/2023 തീയ്യതി: 17/10/2023

# കാസർഗോഡ് ജില്ലയിലെ ബെള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ ബെള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രേഖ.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 16-08-2023 | 25-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 16-08-2023 | 25-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ഗോപാലകൃഷ്ണ നായ്ക്. പി, ഓഡിറ്റ് ഓഫീസർ

ശ്രീ. ജയാനന്ദ. എച്ച്, ഓഡിറ്റ് ഓഫീസർ

ശ്രീ. ബാബു. എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ. ജനാർദ്ദനൻ. സി, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീധര.എം | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| മിഥുൻ കൈലാസ് സി.എ | സെക്രട്ടറി | 01-04-2022 | 11-07-2022 |
| പ്രമോദ് ശേഖർ എം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 12-07-2022 | 17-07-2022 |
| മിഥുൻ കൈലാസ് സി.എ | സെക്രട്ടറി | 18-07-2022 | 14-12-2022 |
| രാജേഷ് എം.എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 15-12-2022 | 31-03-2023 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| മുഹമ്മദ് ഷുഹൈബ് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2022 | 02-06-2022 |
| ജയരാജൻ.ബി | അസിസ്റ്റന്റ് എഞ്ചിനിയർ | 03-06-2022 | 01-09-2022 |
| അനുജിത് കെ ബാബു | അസിസ്റ്റന്റ് എഞ്ചിനിയർ | 02-09-2022 | 31-03-2023 |
| ഗിരീഷ്. ബി | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| മഞ്ജുള. കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ.എൻ.എസ് അരുൺ കുമാർ | വെറ്റിനറി സർജ്ജൻ | 01-04-2022 | 31-03-2023 |
| ഡോ. അഖിൽ സി.എച്ച് | മെഡിക്കൽ ഓഫീസർ അലോപ്പതി | 01-04-2022 | 21-07-2022 |
| ഡോ. ജോസഫ് ഷിബു | മെഡിക്കൽ ഓഫീസർ അലോപ്പതി | 22-07-2022 | 24-11-2022 |
| ഡോ. ശ്രീഷ്മ വർഗീസ് | മെഡിക്കൽ ഓഫീസർ അലോപ്പതി | 25-11-2022 | 31-03-2023 |
| ഡോ.ഷിബില | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2022 | 31-05-2022 |
| ഡോ.ദിവ്യ | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-06-2022 | 02-07-2022 |
| ഡോ.ജയശ്രീ | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 03-07-2022 | 15-11-2022 |
| ഡോ.റീജ | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 16-11-2022 | 31-03-2023 |
| ഡോ.ജിതിൻ രാജ് | മെഡിക്കൽ ഓഫീസർ | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| | ഹോമിയോ | | |
| ജിജോമോൻ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2022 | 05-05-2022 |
| ഷിജു എ.എ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 06-05-2022 | 02-08-2022 |
| രമ്യശ്രീ പി.വി | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 03-08-2022 | 31-03-2023 |
| ഗോകുൽ. ബി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | പ്രയർ പിരിയഡ് ഇനങ്ങളിലെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. | 1-1-2 |
| 4 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് തെറ്റ് | 1-1-3 |
| 5 | ട്രയൽ ബാലൻസിലെ നീക്കിയിരുപ്പും മുന്നിരിപ്പും പൊരുത്തപ്പെടുന്നില്ല. | 1-1-4 |
| 6 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല | 1-1-5 |
| 7 | ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ കാലികമാക്കിയിട്ടില്ല. | 1-1-6 |
| 8 | Prepaid Programme Expense എന്ന കണക്കിൽ തുക അപൂർണം | 1-1-7 |
| 9 | ബജറ്റ് | 1-2 |
| 10 | സാമ്പത്തിക വിശകലനം | 1-3 |
| 11 | ഗ്രാന്റ് വിനിയോഗം | 1-4 |
| 12 | പദ്ധതി അവലോകനം | 1-5 |
| 13 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 14 | ക്ഷേമപദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം | 1-7 |
| 15 | ക്യാഷ് ബാലൻസ് | 1-8 |
| 16 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 17 | തൊഴിൽ നികുതി ഈടാക്കേണ്ടതാണ് | 1-10 |
| 18 | ലൈസൻസ് ഫീ ഈടാക്കുന്നത് | 1-11 |
| 19 | ബാങ്ക് ബുക്ക് പ്രകാരമുള്ള തുക ബാങ്ക് അക്കൗണ്ടിൽ വന്നിട്ടില | 1-12 |
| 20 | തനതു വരുമാനം സംബന്ധിച്ച അവലോകനം | 1-13 |
| 21 | ഗുണഭോക്താവ് മരണപ്പെട്ട ശേഷവും സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകി | 1-14 |
| 22 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല, ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 1-15 |
| 23 | മുളിയാർ ഡയാലിസിസ് യൂണിറ്റിന് നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 1-16 |
| 24 | പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്കുള്ള ഗോത്ര സാരഥി പദ്ധതി നടപ്പിലാക്കിയതിലെ അപാകതകൾ - ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 1-17 |
| 25 | പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ് പ്രവർത്തനങ്ങൾക്ക് ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യ പത്രം രാക്കിട്ടില്ല. | 1-18 |

| | | |
|---|---|---|
| 26 | ഫെസ്റ്റിവൽ അഡ്വാൻസ് തുക തിരിച്ചടച്ചിട്ടില്ല. | 1-19 |
| 27 | ഹോമിയോ ഡിസ്പെൻസറികളിലേക്ക് മരുന്ന് വാങ്ങുന്നതിനായി മുൻകൂർ തുക നൽകിയിട്ടും മരുന്ന് ലഭ്യമാക്കിയിട്ടില്ല. | 1-20 |
| 28 | ലൈഫ് ഭവന പദ്ധതി- ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. | 1-21 |
| 29 | കൃഷി ഓഫീസിലേക്ക് കമ്പ്യൂട്ടർ,യുപിഎസ് വാങ്ങിയതിലെ അപാകത | 1-22 |
| 30 | പോഷകവാടി പദ്ധതി-അപാകതകൾ | 1-23 |
| 31 | ക്രമീകരിക്കുവാൻ അവശേഷിക്കുന്ന ബാധ്യതാ തുകകൾ | 1-24 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവിരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത് | 4-4 |
| 5 | വായ്പാ/വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-8 |
| 9 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 4 | റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് | |
| 5 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3 , സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 24/07/2023 ലെ 3/1 നമ്പർ തീരുമാന പ്രകാരം തയ്യാറാക്കി 31/07/2023തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ബെള്ളൂർ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് , ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31/03/2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൽഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii) C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൽഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൽഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും , അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയുള്ള അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി , ബെള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

കാസറഗോഡ്
17.10.2023

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം , കാസറഗോഡ്

### 1-1-1 അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ ഉൾപ്പെടുത്തിയിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 62(ഇ) പ്രകാരം പ്രധാനപ്പെട്ട

അക്കൗണ്ടിംഗ് നയങ്ങൾ, മറ്റ് വെളിപ്പെടുത്തലുകൾ എന്നിവ അക്കൗണ്ടിൻമേലുള്ള കുറിപ്പുകളായി ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ ഇവ ഉൾപ്പെടുത്തിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 പ്രയർ പിരിയഡ് ഇനങ്ങളിലെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

ഐ-18 ഷെഡ്യൂളിൽ പ്രയർ പിരിയഡ് എക്സ്പെൻസ് ആയി രേഖപ്പെടുത്തിയ വിവിധ തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

### 1-1-3 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് തെറ്റ്

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ Net Increase In Cash And Cash Equivalance ആയി രേഖപ്പെടുത്തിയ തുകയും ഇതേ പത്രികയിൽ Net Cash Generated By Operating + Investing + Financing Activities ആയി രേഖപ്പെടുത്തിയ തുകയും പൊരുത്തപ്പെടുന്നില്ല. ആയതിനാൽ ഈ പത്രികയുടെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

### 1-1-4 ട്രയൽ ബാലൻസിലെ നീക്കിയിരുപ്പും മുന്നിരിപ്പും പൊരുത്തപ്പെടുന്നില്ല.

21-22 സാമ്പത്തിക വർഷത്തിലെ ബാലൻസ് ഷീറ്റ് നീക്കിയിരുപ്പും 22-23 സാമ്പത്തിക വർഷത്തിലെ ട്രയൽ ബാലൻസിലെ മുന്നിരിപ്പും പല ഇനങ്ങളിലും പൊരുത്തപ്പെടുന്നില്ല. 21-22 വർഷത്തിലെ ട്രയൽ ബാലൻസിലെ നീക്കിയിരുപ്പ് 29,98,09,563.66 രൂപയും 22-23 വർഷത്തിലെ ട്രയൽ ബാലൻസിലെ മുന്നിരിപ്പ് 11,04,39,025 രൂപയുമാണ്. അസറ്റ്, Excess Of Income Over Exependiture, Bank Balance തുടങ്ങിയ വിവിധ ഇനങ്ങളുടെ മുന്നിരിപ്പ് തുക ചേർത്തിരിക്കുന്നതിലും വ്യത്യാസമുണ്ട്.

### 1-1-5 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല

26,07.2011-ലെ ജി.ഒ(എം.എസ്) 152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി,ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, തദ്ദേശ സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസ് പഞ്ചായത്തിൽ നിലവിലില്ല. ആയതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2023 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല.

### 1-1-6 ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ കാലികമാക്കിയിട്ടില്ല.

31.03.2023 ലെ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B7പ്രകാരം വിവിധ ഹെഡുകളിലായി 1,53,221 രൂപയുടെ ഡെപ്പോസിറ്റുകളും ഷെഡ്യൂൾ B18 പ്രകാരം 8,82,473 രൂപയുടെ അഡ്വാൻസുകളും നിലവിലുണ്ട്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ കാലികമാക്കിയിട്ടില്ലാത്തതിനാൽ ഈ രജിസ്റ്ററുകൾ ഓഡിറ്റിനായി അവലംബിച്ചിട്ടില്ല.

### 1-1-7 Prepaid Programme Expense എന്ന കണക്കിൽ തുക അപൂർണം

31.03.2023 ലെ ബാലൻസ് ഷീറ്റ് പ്രകാരം 330500201-Secured Loan From KURDFC എന്ന കണക്കിൽ 77,79,178 രൂപ ബാദ്ധ്യതയുണ്ട്. എന്നാൽ തത്തുല്യമായ ആസ്തി ഹെഡിൽ (440500101-Prepaid Programme Expense ) 69,09,178 രൂപ മാത്രമേ ചേർത്തിട്ടുള്ളൂ.

### 1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് , പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം -

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|

| | | |
|---|---|---|
| ഭരണ സമിതി തീരുമാനം ,തീയതി | 01/22 24-03-22 | 01/23 16-03-23 |
| മുന്നിരിപ്പ് | 525001 | (-)2353408 |
| വരവ് | 220872500 | 109790158 |
| ആകെ | 221397501 | 107436750 |
| ചെലവ് | 220938210 | 106911749 |
| നീക്കിയിരിപ്പ് | 459291 | 525001 |

## 1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2022-23 |
|---|---|
| മുന്നിരിപ്പ് | 1,05,61,290.00 |
| വരവ് | 4,88,21,067.00 |
| ആകെ | 5,93,82,357.00 |
| ചെലവ് | 5,07,78,969.00 |
| നീക്കിയിരിപ്പ് | 86,03,388.00 |
| വരവിനത്തിലെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 7,34,673/- |

വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്(ട്രഷറി അലോട്ട്മെന്റ്) എന്നീ സർക്കാർ ഗ്രാന്റുകളുടെ വരവ്-ചെലവ് തുക റസീറ്റ് & പേമെന്റ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. സർക്കാർ ഗ്രാന്റുകൾ, സാമൂഹ്യ സുരക്ഷ പെൻഷനുകൾ ഉൾപ്പടെയുള്ള വരവ്-ചെലവ് ഉൾപ്പെടുന്ന പഞ്ചായത്തിന്റെ 2022-23 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരവ് 9,53,41,873/- രൂപയും ചെലവ് 9,92,74,520/- രൂപയുമാണ് .

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 1,37,62,000 | 1,37,62,000 | 1,20,18,500 | 17,43,500 |
| വികസനഫണ്ട് എസ്.സി.പി. | 0 | 67,09,000 | 67,09,000 | 64,44,667 | 2,64,333 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 18,77,000 | 18,77,000 | 18,77,000 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 32,34,000 | 32,34,000 | 32,34,000 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 45,65,000 | 45,65,000 | 42,02,827 | 362173 |
| CFC- (Tied) Bank | 20,47,861 | 27,32,000 | 47,79,861 | 40,31,879 | 7,47,982 |

| | | | | | |
|---|---|---|---|---|---|
| CFC (Tied)- Try | 0 | 28,83,257 | 28,83,257 | 12,45,051 | 16,38,206 |
| CFC-(untied)-Bank | 40620 | 19,23,006 | 19,63,626 | 17,24,507 | 2,39,119 |
| CFC-(untied) Try | 0 | 2,66,131 | 2,66,131 | 131198 | 1,34,933 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 0 | 60,000 | 60,000 | 60,000 | 0 |
| സംയുക്ത പദ്ധതി (ബ്ലോക്ക്പഞ്ചായത്ത്) | 22,01,515 | 4,52,887 | 26,54,402 | 4,52,887 | 22,01,515 |
| സംയുക്ത പദ്ധതി (ജില്ലാ പഞ്ചായത്ത് ) | 6,53,654 | 10,42,000 | 1695,654 | 10,42,000 | 6,53,654 |
| തൊഴിലുറപ്പ് പദ്ധതി | 0 | 21,83,201 | 21,83,201 | 21,83,201 | 0 |
| Arwss | 19112 | 0 | 19112 | 0 | 19112 |
| 320100202 ഹെൽത്ത് ഗ്രാന്റ് | 0 | 2,39,640 | 2,39,640 | 1,69,598 | 70,042 |
| 320100204 ഹെൽത്ത് ഗ്രാന്റ് | 0 | 1,11,570 | 1,11,570 | 39,760 | 71,810 |
| National Programme For Persons With Disabilities | 1,30,000 | 0 | 1,30,000 | 0 | 1,30,000 |
| SSA | 1,08,500 | 0 | 1,08,500 | 0 | 1,08,500 |
| Nirmal Puraskar | 2,50,000 | 0 | 2,50,000 | 0 | 2,50,000 |
| Grant From Suchitwa Mission | 2,56,505 | 21,93,327 | 24,49,832 | 11,93,327 | 1,25,650 |

1) വികസനഫണ്ട്-ജനറൽ സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്ടിനായി കുറവ് ചെയ്ത തുകയായ 12,51,950/ രൂപ അടക്കമുള്ള വരവു ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്. ഇത് കൂടാതെ 3 ബില്ലുകളിലായി 1,98,301 രൂപയുടെ ബില്ലുകൾ ക്യൂ ബിൽ ആയിട്ടുണ്ട്.

2) വികസനഫണ്ട്-എസ്.സി.പി സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്ടിനായി കുറവ് ചെയ്ത തുകയായ 7,09,675/- രൂപ അടക്കമുള്ള വരവു ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്. ഇത് കൂടാതെ 1 ബിൽ 3,83,887രൂപയുടെ ബിൽ ക്യൂ ബിൽ ആയിട്ടുണ്ട്.

3) വികസനഫണ്ട്-ടി.എസ്.പി സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്ടിനായി കുറവ് ചെയ്ത തുകയായ 5,59,812/- രൂപ അടക്കമുള്ള വരവു ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്. ഇത് കൂടാതെ 1 ബിൽ 1,15,198 രൂപയുടെ ബിൽ ക്യൂ ബിൽ ആയിട്ടുണ്ട്.

4)സംരക്ഷണഗ്രാന്റ് നോൺറോഡ്-പട്ടികയിലെ ചെലവു തുക കൂടാതെ 1 ബിൽ 1323 രൂപയുടെ ബിൽ ക്യൂ ആയിട്ടുണ്ട്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 179 | 9,16,38,842 | 158 | 4,35,46,315 | 0 | 21 | 88.26 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം.

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2022-23 വർഷ ത്തിൽ നടപ്പാക്കേ ണ്ട പദ്ധതികളുടെ വിവരം | | 2022-23 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാ നം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 43 | 76,00,301 | 37 | 63,65,759 | 83.75 |
| 2 | അസിസ്റ്റന്റ് എഞ്ചിനിയർ | 63 | 2,44,56,047 | 54 | 1,57,43,529 | 64.37 |
| 3 | കൃഷി ഓഫീസർ | 10 | 28,49,543 | 10 | 18,68,816 | 65.58 |
| 4 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(1) | 23 | 4,71,79,502 | 20 | 1,19,96,397 | 25.42 |
| 5 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 14 | 28,98,348 | 11 | 22,04,505 | 76.06 |
| 6 | വെറ്റിനറി സർജ്ജൻ | 6 | 21,45,550 | 6 | 16,39,976 | 76.43 |
| 7 | മെഡിക്കൽ ഓഫീസർ ഹോമിയോ | 2 | 1,20,000 | 2 | 1,20,000 | 100 |
| 8 | മെഡിക്കൽ ഓഫീസർ അലോപ്പതി | 12 | 29,43,315 | 12 | 24,85,932 | 84.46 |
| 9 | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 2 | 2,30,000 | 2 | 2,27,949 | 99.10 |
| 10 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 2 | 2,66,236 | 2 | 79,236 | 29.76 |
| 11 | ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 9,50,000 | 2 | 8,14,216 | 85.70 |
| | ആകെ | 179 | 9,16,38,842 | 158 | 4,35,46,315 | 47.51 |

2022-23 വർഷത്തിൽ പദ്ധതി അടങ്കൽ തുകയുടെ 47.51 ശതമാന മാത്രമാണ് ചെലവ് ചെയ്തത്. പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാൻ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 0 | 2183201 | 2183201 | 2183201 | 0 |
| വേതനം , മെറ്റീരിയൽ കോസ്റ്റ് എന്നീയിനങ്ങളിൽ ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 3768329.35 | 3768329.35 | 3768329.35 | 0 |

| | | | | | |
|---|---|---|---|---|---|
| ആകെ | 0 | 39866494.35 | 39866494.35 | 39866494.35 | 0 |

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2022-23 വർഷം 1940 പദ്ധതികളുൾപ്പെടുന്ന 251074630 രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 196 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് . വിവിധ പദ്ധതികളിലായി ആകെ 78314 തൊഴിൽ ദിനങ്ങൾ തൻവർഷം സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ലഭിച്ച 406 കുടുംബങ്ങളുണ്ട്.

## 1-7 ക്ഷേമപദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ചതുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 11200 | 01 |
| വിധവാപെൻഷൻ | 5675400 | 537 |
| വാർദ്ധക്യകാലപെൻഷൻ | 6999600 | 683 |
| വികലാംഗപെൻഷൻ | 2059200 | 185 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 158400 | 15 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 60000 | 3 |

## 1-8 ക്യാഷ് ബാലൻസ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.08.2023 തീയതിയിൽ 3 P.m ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 1000/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1) ഐ.എൽ.ജി.എം.എസ് ൽ നിന്നും ലഭ്യമായ റിപ്പോർട്ട് പ്രകാരം 12 ഫയലുകൾ ഓഡിറ്റ് തിയതിയിൽ (24-08-2023) വിവിധ സെക്ഷനുകളിൽ തീർപ്പു കൽപ്പിക്കുവാൻ അവശേഷിക്കുന്നുണ്ട്. ഫയൽ നീക്കം നിരീക്ഷിക്കുവാനും , സമയബന്ധിതമായി തീർപ്പാക്കുന്നത് ഉറപ്പുവരുത്തുവാനും ഐ.എൽ.ജി.എം.എസ് സംവിധാനത്തിലൂടെ സാധിച്ചിട്ടുണ്ട്.

2) അക്കൗണ്ടിംഗ് സമ്പ്രദായം അനുശാസിക്കുന്ന തരത്തിലുള്ള രേഖകളും രജിസ്റ്ററുകളും സ്ഥാപനത്തിൽ സൂക്ഷിക്കുന്നുണ്ട്. രസീത് ബുക്കുകൾക്കും ഫോറങ്ങൾക്കും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. വിവിധ

വരവുകൾ യഥായമയം തന്നെ ബാങ്കുകളിൽ വരവു വെക്കുന്നുണ്ട്. സുരക്ഷിതമായ തരത്തിൽ ഫ്രണ്ട്ഓഫീസ് സംവിധാനത്തിലൂടെയാണ് പഞ്ചായത്തിൽ പണം സ്വീകരിച്ചു വരുന്നത്. ഫീൽഡ് പിരിവു മുഖേന സ്വീകരിക്കുന്ന തുക അതാതു ദിവസമോ അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസമോ പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വരുന്നുണ്ട്. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിച്ച് സാമ്പത്തിക പത്രികകൾ തയ്യാറാക്കിയിട്ടുണ്ട്. വാർഷിക ധനകാര്യപത്രിക പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ ഈ റിപ്പോർട്ടിൽ പ്രത്യേകം സൂചിപ്പിച്ചിട്ടുണ്ട്.

3) ഓഫീസ് മീറ്റിംഗ് - ജീവനക്കാരുടെ ജോലി പുരോഗതിയും ഗ്രാമ പഞ്ചായത്തിന്റെ പ്രവർത്തന പുരോഗതിയും വിലയിരുത്തുവാൻ ജീവനക്കാരുടെ പ്രതിമാസ യോഗം പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ വിളിച്ചു ചേർക്കുവാൻ സെക്രട്ടറി ബാധ്യസ്ഥനാണ്.ഓഡിറ്റ് വർഷം 13 തവണ ഓഫീസ് മീറ്റിംഗ് ചേർന്നിട്ടുണ്ട്. ഓഫീസ് പ്രവർത്തനം വിലയിരുത്തുവാൻ യോഗങ്ങളിൽ ശ്രദ്ധിച്ചിട്ടുണ്ട്.

4) ഓഡിറ്റ് വർഷം ഭരണ സമിതി 36 തവണ യോഗം ചേർന്നിട്ടുണ്ട്. സ്റ്റാന്റിംഗ് കമ്മിറ്റികൾ പഞ്ചായത്ത് ഭരണ നിർവ്വഹണത്തിൽ അവരുടെ ചുമതലകൾ നിർവ്വഹിക്കുന്നതിൽ ശ്രദ്ധചെലുത്തിയിട്ടുണ്ട്.

5) പ്രൊക്യൂർമെന്റ് കമ്മിറ്റി ഓഡിറ്റ് വർഷം 05/04/2022, 10/08/2022, 20/10/2022, 15/11/22,22/11/22 എന്നീ തിയതികളിൽ യോഗം ചേർന്നിട്ടുണ്ട്. വാങ്ങൽ നടപടികളിൽ പ്രൊക്യൂർമെന്റ് സമിതിയുടെ അംഗീകാരം നേടിയിട്ടുണ്ട്.

6) പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്റർ പൂർണ്ണമല്ല. സാംഖ്യാ സോഫ്റ്റ് വെയർ പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യനിർണ്ണയവും വിവരശേഖരണവും പൂർത്തിയാക്കപ്പെട്ടിട്ടില്ല.

7. സ്ഥിരം തനത് വരുമാനങ്ങൾക്കുപരിയായി , തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് പുതിയ വരുമാന മാർഗ്ഗങ്ങളൊന്നും തന്നെ സ്വീകരിച്ചിട്ടില്ല.

## 1-10 തൊഴിൽ നികുതി ഈടാക്കേണ്ടതാണ്

ബെള്ളൂർ ഗ്രാപഞ്ചായത്ത് പരിധിയിൽ ജോലിചെയ്യുന്ന അഭിഭാഷകർ, മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, പഞ്ചായത്ത് പരിധിയിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എൻജിനീയർമാർ,കള്ളു ഷാപ്പുകൾ,ക്ഷീരസഹകരണ സംഘങ്ങൾ,മാവേലി സ്റ്റോർ എന്നിവടങ്ങളിലെ ജീവനക്കാരിൽ നിന്നും നിലവിൽ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടിൽ വിശദവിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. 1996 ലെ കേരളാ പഞ്ചായത്ത് രാജ് തൊഴിൽനികുതി ചട്ടങ്ങൾ പ്രകാരം തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും അവരുടെ അർദ്ധവാർഷിക വരുമാനത്തിന് ആനുപാതികമായി തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കേണ്ടതാണ്.

## 1-11 ലൈസൻസ് ഫീ ഈടാക്കുന്നത്

31.10.2017ന് പ്രാബല്യത്തിൽ വന്ന സ.ഉ.(പി) നം.80/2017, കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ, ചട്ടം 7 പ്രകാരം ലൈസൻസ് ഫീസ് ഈടാക്കുന്നത് വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ സമർപ്പിച്ച അപേക്ഷകളിൽ ഫീൽഡ് പരിശോധനയുടെ അടിസ്ഥാനത്തിൽ മൂലധന നിക്ഷേപം കണക്കാക്കി അന്വേഷണ റിപ്പോർട്ടിൽ രേഖപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് നിശ്ചയിക്കേണ്ടത്. എന്നാൽ 2022-23 സാമ്പത്തിക വർഷത്തിൽ എഫ്.ടി.ഇ &ഒ.എസ്. ലൈസൻസ് എടുക്കുന്നതിനായി/പുതുക്കുന്നതിനായി സമർപ്പിക്കപ്പെട്ട ഭൂരിഭാഗം അപേക്ഷകളിലും അന്വേഷണ റിപ്പോർട്ടിൽ മൂലധന നിക്ഷേപം രേഖപ്പെടുത്താതെ/അന്വേഷണ റിപ്പോർട്ട് ഇല്ലാതെയാണ് ലൈസൻസ് ഫീസ് ഈടാക്കി കാണുന്നത്. അന്വേഷണ റിപ്പോർട്ടിൽ മൂലധന നിക്ഷേപം

രേഖപ്പെടുത്താതെ ലൈസൻസ് ഫീസ് നിശ്ചയിച്ചതിന്റെ മാനദണ്ഡം വ്യക്തമല്ല. ഇതു സംബന്ധിച്ച് വിശദീകരണം നല്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.13/22-23 തീയതി23-08-2023)

1-12 ബാങ്ക് ബുക്ക് പ്രകാരമുള്ള തുക ബാങ്ക് അക്കൗണ്ടിൽ വന്നിട്ടില

2022-23 സാമ്പത്തിക വർഷത്തെ ഇ പേയ്മെന്റ് അക്കൗണ്ടിന്റെ (അക്കൗണ്ട് നം.37083228754,എസ് ബി ഐ) റീക്കൺസിലിയേഷൻ പത്രിക പ്രകാരം ചുവടെ പറയുന്ന തുകകൾ ബാങ്ക് ബുക്കിൽ വരവായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ബാങ്കിൽ ക്രഡിറ്റ് വന്നിട്ടില്ല.

| ക്രമ നം. | വൗച്ചർ നം | തീയതി | തുക |
|---|---|---|---|
| 1 | 1220000001 | 08-04-2022 | 2 |
| 2 | 1220000002 | 13-04-2022 | 20 |
| 3 | 1220000002 | 13-04-2022 | 100 |
| 4 | 1220000003 | 20-04-2022 | 20 |
| 5 | 1220000003 | 20-04-2022 | 100 |
| 6 | 1220000003 | 20-04-2022 | 100 |
| 7 | 1220000004 | 20-04-2022 | 5 |
| 8 | 1220000004 | 20-04-2022 | 2 |
| 9 | 1220000004 | 20-04-2022 | 2 |
| 10 | 1220000026 | 14-06-2022 | 2 |
| 11 | 1220000031 | 25-06-2022 | 2 |
| 12 | 1220000079 | 07-10-2022 | 10 |
| 13 | 1220000079 | 07-10-2022 | 5 |
| 14 | 1220000080 | 07-10-2022 | 10 |
| 15 | 1220000080 | 07-10-2022 | 5 |
| 16 | 1220000086 | 19-10-2022 | 2 |
| 17 | 1220000090 | 04-11-2022 | 5 |
| 18 | 1220000090 | 04-11-2022 | 2 |
| 19 | 1220000100 | 26-11-2022 | 36,670 |
| 20 | 1220000100 | 26-11-2022 | 3125 |
| 21 | 1220000100 | 26-11-2022 | 3 |
| 22 | 1220000100 | 26-11-2022 | 24,798 |
| 23 | 1220000102 | 02-12-2022 | 20 |
| 24 | 1220000102 | 02-12-2022 | 100 |
| 25 | 1220000112 | 24-12-2022 | 15 |
| 26 | 1220000112 | 24-12-2022 | 2 |
| 27 | 1220000112 | 24-12-2022 | 2 |
| 28 | 1220000112 | 24-12-2022 | 5 |
| 29 | 1220000115 | 17-12-2022 | 5 |
| 30 | 1220000115 | 17-12-2022 | 14 |

| | | | |
|---|---|---|---|
| 31 | 1220000115 | 17-12-2022 | 2 |
| 32 | 1220000117 | 03-01-2023 | 250 |
| 33 | 1220000117 | 03-01-2023 | 100 |
| 34 | 1220000117 | 03-01-2023 | 20 |
| 35 | 1220000118 | 03-01-2023 | 100 |
| 36 | 1220000118 | 03-01-2023 | 20 |
| 37 | 1220000120 | 16-01-2023 | 2 |
| 38 | 1220000121 | 16-01-2023 | 20 |
| 39 | 1220000121 | 16-01-2023 | 100 |
| 40 | 1220000121 | 16-01-2023 | 100 |
| 41 | 1220000122 | 17-01-2023 | 100 |
| 42 | 1220000122 | 17-01-2023 | 20 |
| 43 | 1220000128 | 31-01-2023 | 5 |
| 44 | 1220000128 | 31-01-2023 | 2 |
| 45 | 1220000128 | 31-01-2023 | 14 |
| 46 | 1220000132 | 13-02-2023 | 20 |
| 47 | 1220000132 | 13-02-2023 | 100 |
| 48 | 1220000135 | 22-02-2023 | 14 |
| 49 | 1220000135 | 22-02-2023 | 2 |
| 50 | 1220000136 | 22-02-2023 | 5 |
| 51 | 1220000136 | 22-02-2023 | 2 |
| 52 | 1220000136 | 22-02-2023 | 2 |
| 53 | 1220000158 | 21-03-2023 | 20 |
| 54 | 1220000158 | 21-03-2023 | 100 |
| 55 | 1220000158 | 21-03-2023 | 100 |
| 56 | 1220000158 | 21-03-2023 | 100 |
| 57 | 1220000158 | 21-03-2023 | 20 |
| ആകെ | | | 66,493 |

ഇ- പേയ്മെന്റ് അക്കൗണ്ടിൽ തുക വരവു വരുന്നതിൽ കാലതാമസം വരുന്നുണ്ട്.എത്രയും പെട്ടെന്ന് മേൽ പ്രകാരമുള്ള തുക അക്കൗണ്ടിൽ വരവു വച്ച് വിവരം രേഖാമൂലം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .(ഓഡിറ്റ് എൻക്വയറി നം.19/22-23 തീയതി 25-08-2023).

1-13 തനതു വരുമാനം സംബന്ധിച്ച അവലോകനം

ആറാം ധനകാര്യകമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശ പ്രകാരവും, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 11.07.2023ലെ ഡി.കെ.എസ്.എ.3683/എസ്.എസ്.3/2019 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചും വിഭവ സമാഹരണത്തിന്റെ കാര്യക്ഷമതക്ക് പ്രാധാന്യം നൽകിക്കൊണ്ട് നടത്തിയ പരിശോധന പ്രകാരം ലഭ്യമായ വിവരങ്ങൾ താഴെ ചേർക്കുന്നു.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം

1994-കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 162 പ്രകാരമാണ് വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണ നിർവ്വഹണം സുതാര്യമാക്കുന്നതിന് വേണ്ടിയാണ് സ്റ്റാന്റിംഗ് കമ്മിറ്റികൾ രൂപീകരിക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ബജറ്റ്, ഗ്രാന്റുകളുടെ വിനിയോഗം, നികുതികളുടേയും, ഫീസുകളുടെയും തിട്ടപ്പെടുത്തൽ, അക്കൗണ്ടുകൾ മാസം തോറും ഓഡിറ്റ് ചെയ്യുക, ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണസമിതിക്ക് മുമ്പാകെ ഹാജരാക്കുക, ചെലവഴിക്കാൻ ഉദ്ദേശിക്കുന്ന ഏതൊരു തുകയും ബജറ്റ് വിഹിതം വകയിരുത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കുക എന്നീ പ്രവർത്തനങ്ങളാണ് ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കുന്നത്. ബെള്ളൂർ ഗ്രാമ പഞ്ചായത്തിൽ വൈസ് പ്രസിഡണ്ട് ഉൾപ്പെടെ 5അംഗങ്ങളാണ് ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയിലുള്ളത്. ഓഡിറ്റ് വർഷത്തിൽ 19 തവണ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം ചേർന്നിട്ടുണ്ട്. വരവ് ചെലവ് കണക്ക് അംഗീകാരം,സെക്രട്ടറിയുടെയും മറ്റു സ്ഥാപനങ്ങളുടെയും പദ്ധതിയേതര ചെലവുകളുടെ അംഗീകാരം, ബജറ്റ് ഭേദഗതി അംഗീകാരം, നികുതികൾ സമയബന്ധിതമായി സമാഹരിക്കുക, കരട് വാർഷിക ബജറ്റ് അംഗീകാരം എന്നിവയാണ് പ്രധാന അജണ്ടയായി ചർച്ച ചെയ്തിട്ടുള്ളത്. പുതിയ തനത് വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ അവതരിപ്പിക്കുകയോ ചർച്ച നടത്തുകയോ ചെയ്തിട്ടില്ല.

ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശ പ്രകാരം സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിയ്ക്കായി സ.ഉ (കൈ) നം. 117/2022/എൽ.എസ്.ജി.ഡി, തീയ്യതി 01.06.2022 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നം. 2 പ്രകാരം എല്ലാ പ്രാദേശിക സർക്കാർ നികുതിവരുമാനത്തിന്റെ ഡി.സി.ബി മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി ചർച്ച ചെയ്ത് ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നൽകേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇത് പാലിച്ചിട്ടില്ല.

എഫ്.ടി.ഇ.& ഒ.എസ്. ലൈസൻസ് നൽകൽ

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും ലിസ്റ്റ് തയ്യാറാക്കി അതു പ്രകാരം ലൈസൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്. സാംഖ്യ അക്കൗണ്ട് പ്രകാരം ലൈസൻസ് ഫീസ് അടവാക്കിയ സ്ഥാപനങ്ങളെ മാത്രം ചേർത്ത് രജിസ്റ്റർ എഴുതി തയ്യാറാക്കുന്നതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് ഉറപ്പാക്കാനായിട്ടില്ല. എല്ലാ വർഷവും പുതിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കി ഈ ലിസ്റ്റ് പ്രകാരം രജിസ്റ്റർ എഴുതി ഡി.സി.ബി. പത്രിക തയ്യാറാക്കേണ്ടതും സാംഖ്യ അക്കൗണ്ട് പ്രകാരമുള്ള വരവുമായി റികൺസിലിയേഷൻ നടത്തേണ്ടതുമാണ്.ഗ്രാമ പഞ്ചായത്തിലുള്ള മുഴുവൻ വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും അനുമതിയില്ലാതെ ഏതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

വസ്തുനികുതി.

തനതു വരുമാനം വളരെ കുറഞ്ഞ പഞ്ചായത്താണ് .പഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളും കാർഷിക മേഖലയിലധിഷ്ഠിതമായതിനാൽ പ്രധാന തനതു വരുമാനമായ വസ്തുനികുതി താരതമ്യം കുറവാണ്. തനതു വരുമാനം വളരെ കുറവായതിനാൽ ഭരണപരമായ ചെലവുകൾക്കും സർക്കാർ സഹായം നൽകേണ്ടിവരുന്നു. ഈ പഞ്ചായത്തിൽ 4071 റെസിഡൻഷ്യൽ കെട്ടിടങ്ങളും, 773 നോൺ റെസിഡൻഷ്യൽ കെട്ടിടങ്ങളും സ്ഥിതി ചെയ്യുന്നു. എല്ലാ തരം ഉപയോഗക്രമങ്ങളിലുമുള്ള കെട്ടിടങ്ങളും സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സഞ്ചയ സോഫ്റ്റ് വെയറിൽ പുതുക്കിയ നികുതി വിവരങ്ങൾ സംബന്ധിച്ച് അപ്ഡേഷൻ നടത്തിയിട്ടില്ല. നിലവിൽ പഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് പൊതുജനത്തിന് നേരിട്ട് പണമടുക്കുന്നതിനായി ബാങ്കിൽ E-PAYMENT ( A/C NO 37083228754 SBI ) ഓൺലൈൻ സംവിധാനമുണ്ട്. സ.ഉ(കൈ) നം.77/2023/LSGD തീയതി. 22.03.2023 നമ്പർ പ്രകാരം

കേരളത്തിലെ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02.05.2023 തീയതിയിലെ LSGD/PD/20073/2023-REV2 നമ്പർ കത്ത് പ്രകാരം വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ട നടപടിക്രമങ്ങളും ആയതിനുള്ള സമയപരിധിയും നിശ്ചയിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ബെള്ളൂർ ഗ്രാമപഞ്ചായത്ത് വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

1. നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി അടുത്ത അഞ്ചു വർഷങ്ങളിലേക്ക് ഓരോ വർഷവും നിലവിലുള്ള നിരക്കിന്റെ 5% വീതം 01.04.2023 പ്രാബല്യത്തിൽ വർദ്ധനവ് വരുത്തിയ പ്രകാരം തുടർന്നും വർദ്ധനവ് വരുത്തേണ്ടതാണ്.

2. സ.ഉ (അച്ചടി) നം. 25/2023/എൽ.എസ്.ജി.ഡി, തിയ്യതി 05.04.2023 ഉത്തരവിന്റെ അടിസ്ഥാനത്തിൽ 20.7.2023-ലെ 5/1 നമ്പർ ഭരണ സമിതി തീരുമാന പ്രകാരം വസ്തു നികുതി പരിഷ്കരണ നിരക്കുകൾ അന്തിമമായി നിരക്കുകൾ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. കെട്ടിടങ്ങൾക്ക് അവയുടെ ഉപയോഗ ക്രമത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട അടിസ്ഥാന വസ്തു നികുതി നിരക്കുകളും, ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ വിവിധ മേഖലകളാക്കി തിരിക്കൽ, റോഡുകളുടെ വർഗ്ഗീകരണം എന്നിവയും അംഗീകരിച്ചിട്ടുണ്ട്. റോഡുകളുടെ തരം നിർണ്ണയിച്ചത് വാർഡു തല റോഡ്മാപ്പിൽ രേഖപ്പെടുത്തിയിട്ടില്ല.

3. പുതുക്കിയ വസ്തുനികുതി നിരക്ക്, മേഖലകൾ പുതുക്കി നിശ്ചയിക്കൽ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരം തിരിവ് എന്നിവയുടെ അന്തിമ വിജ്ഞാപനം 30.06.2023 ന് മുമ്പായി പുറപ്പെടുവിക്കേണ്ടതായിരുന്നുവെങ്കിലും ആയത് പുറപ്പെടുവിച്ചിട്ടില്ല.

4. വസ്തു നികുതി നിർണ്ണയിക്കപ്പെട്ട ശേഷം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിലോ ഉപയോഗത്തിലോ വരുത്തിയ മാറ്റം ഗ്രാമ പഞ്ചായത്തിനെ കെട്ടിട ഉടമകൾ രേഖാമൂലം അറിയിച്ചിട്ടുണ്ട് .കെട്ടിട ഉടമകൾക്ക് ഈ വിവരം ഫോറം 9B ഉപയോഗിച്ച് ഓൺലൈനായോ നേരിട്ടോ അറിയിക്കുന്നതിനായി 2023 മെയ് 15 വരെ സമയം നൽകിയിരുന്നു. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ലഭിച്ച അപേക്ഷകളിൽ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി 30.06.2023 ന് മുമ്പായി നികുതി പുനർനിർണ്ണയം പൂർത്തീകരിക്കേണ്ടതായിരുന്നു. വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ.ടി.ഐ ഡ്രാഫ്റ്റ്സ്മാൻ സിവിൽ, ഐ.ടി.ഐ സർവ്വേയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയമിക്കാൻ അഭിമുഖത്തിന് ക്ഷണിച്ചിരുന്നുവെങ്കിലും നാളിതുവരെ ഇത്തരത്തിലുള്ള നിയമനം നടത്തുകയോ നികുതി പുനർനിർണ്ണയിക്കുകയോ ചെയ്തിട്ടില്ല. പഞ്ചായത്ത് ഭരണസമിതി ഈ വിഷയത്തിൽ തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

സേവന ഉപനികുതി

2011ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 26, 27 എന്നിവയനുസരിച്ച്, ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകളും ഡ്രൈനേജും തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ താഴെപറയുന്ന പ്രകാരം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്.

| സേവനം | ചുമത്താവുന്ന കുറഞ്ഞ സേവന ഉപനികുതി |
|---|---|
| ശുചിത്വ പരിപാലനം | വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക |

| | |
|---|---|
| ജല വിതരണം | വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക |
| തെരുവു വിളക്കുകൾ | വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക |
| ഡ്രൈനേജ് | വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക |

ഗ്രാമപഞ്ചായത്ത് പരിധിയിൽ സേവന ഉപനികുതി ഏർപ്പെടുത്തിയിട്ടില്ല, തനത് വരുമാനം മെച്ചപ്പെടുത്തുന്നതിന് സേവന ഉപനികുതിയുടെ സാധ്യതകൾ പരിഗണിക്കാവുന്നതാണ്.

തൊഴിൽ നികുതി

1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ 204(ii)എ (I) വകുപ്പ് പ്രകാരം , ഒരു പഞ്ചായത്ത് പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ താമസിച്ച് തൊഴിലിൽ ഏർപ്പെടുന്ന പക്ഷം, പ്രസ്തുത സ്ഥാപനത്തിന്റെയും ജീവനക്കാരുടേയും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. 2022-23 സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ,അർദ്ധ വാർഷിക വരുമാനപത്രികകൾ എന്നിവ പരിശോധിച്ചതിൽ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് കൂടുതൽ നടപടികൾ ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1. 1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരു അർദ്ധവർഷത്തേക്ക് തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥനാണെങ്കിൽ അങ്ങിനെയുള്ള കമ്പനിയോട്/വ്യക്തിയോട് ഒരു റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ചട്ടം 18 പ്രകാരം സെക്രട്ടറി നികുതിദായകരുടെ ബിൽ/ഡിമാന്റ് നോട്ടീസ് തയ്യാറാക്കി തൊഴിലുടമക്ക് അയക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം നടത്തുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാബേസ് ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

2. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി എസ്) എ9-764/2019 സർക്കുലർ, ജി.ഒ (പി) 143/2008 തസ്വഭവ/തീയതി. 27.05.2008 സർക്കാർ ഉത്തരവ് എന്നിവ പ്രകാരം റേഷൻ കടകളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഗ്രാമപഞ്ചായത്ത് ഈടാക്കുന്നില്ല.

3. 1996ലെ കേരളാ പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 13പ്രകാരം ഏതെങ്കിലും കെട്ടിടത്തിന്റെയോ ഭൂമിയുടെയോ ഉടമസ്ഥനോടും അല്ലെങ്കിൽ കൈവശക്കാരനോടും മുറികൾ കൈവശം വച്ചിരിക്കുന്ന എല്ലാവരുടെയും പേര് അടങ്ങിയിട്ടുള്ളതും, അങ്ങിനെയുള്ള ഏതൊരാളുടെയും തൊഴിലിനെയോ, കലയെയോ, ഉദ്യോഗത്തെയോ സംബന്ധിച്ചും അയാൾ വാടക കൊടുക്കുന്നുണ്ടെങ്കിൽ അതിനെ സംബന്ധിച്ചും അങ്ങനെ കൈവശം വെച്ച കാലത്തെ സംബന്ധിച്ചും വിവരിച്ചുകൊണ്ടുള്ളതുമായ രേഖാമൂലമുള്ള ഒരു ലിസ്റ്റ് നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിക്കാനാവശ്യപ്പെടാവുന്നതാണ്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കുന്നില്ല.

4.കള്ള് ഷാപ്പുകൾ,ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ,മാവേലി സ്റ്റോർ എന്നിവയിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ് .

1-14 ഗുണഭോക്താവ് മരണപ്പെട്ട ശേഷവും സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകി

2022-23 വർഷം മരണം രജിസ്ട്രേഷൻ ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്തിൽ ഹാജരാക്കിയ രേഖകളോടൊപ്പം സമർപ്പിച്ച ആധാർ നമ്പർ പ്രകാരം സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കൾക്ക് മരണപ്പെട്ട ശേഷവും സാമൂഹ്യ സുരക്ഷാ പെൻഷൻ തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നിക്ഷേപിച്ചതായി കാണുകയുണ്ടായി. 2022-23 വർഷത്തിൽ സമർപ്പിച്ച അപേക്ഷയിൽ ആധാർ രേഖകൾ

ലഭ്യമല്ലാത്ത ഗുണഭോക്താക്കളുടെ വിവരങ്ങൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല. സ.ഉ (എം.എസ്) 483/17 /ധന/06-11-17 ഖ XV പ്രകാരം പെൻഷൻ വാങ്ങുന്നവർ എല്ലാവർഷവും ഡിസംബർ മാസം അക്ഷയ കേന്ദ്രങ്ങൾ മുഖാന്തിരം ജീവൻരേഖ സോഫ്റ്റ് വെയറിൽ മസ്റ്ററിങ്ങ് നടത്തേണ്ടതാണെന്നും അല്ലാത്തവർക്ക് അടുത്ത ഗഡു മുതൽ പെൻഷൻ അനുവദിക്കുന്നതല്ല എന്നതുമാണ് സർക്കാർ നിർദ്ദേശം. മേൽ നിർദ്ദേശം പാലിക്കാതെ മരണപ്പെട്ട ഗുണഭോക്താക്കൾക്ക് ചുവടെ ചേർത്ത പ്രകാരം തുടർന്നും പെൻഷൻ തുക നല്കിയിട്ടുണ്ട്.

| ക്രമ നം. | പേര് | പെൻഷൻ ഇനം | പെൻഷണർ ഐ.ഡി | മരണപ്പെട്ട തീയതി | പെൻഷൻ വിതരണം ചെയ്ത കാലയളവ് | |
